(Pages : 3) **H – 6931**

**Reg. No. : ............................**

**Name : ................................**

## First Year B.A./B.Sc. Degree Examination, February 2020

## Part – II : Malayalam

## Paper – I : കവിത

Time : 3 Hours Max. Marks : 100

gcwcentrallibrary.in

I. ഓരോ പുറത്തിൽ (100 വാക്ക്) കവിയാതെ ഏതെങ്കിലും **ഏഴെണ്ണത്തിന്** ഉത്തരമെഴുതുക.

1. കാറ്റിനാൽക്കുന്തളം ചീകിച്ചിരിച്ചങ്ങു
   കാട്ടിലെസ്സുന്ദരി പാഞ്ഞുപോയാൾ - എപ്പോൾ? സന്ദർഭം വിശദമാക്കുക.

2. നമ്മുടേത് ഒരു തുറുകണ്ണൻ സമയമാണ്
   നമ്മുടേത് ഒരു പ്രേതമുഹൂർത്തമാണ് - എന്നിങ്ങനെ കവി കരുതുന്നതെന്തുകൊണ്ട്?

3. ഒരു കളിപ്പന്തോ, കളിപ്പാവയോ ഭൂമി
   അതിരുണ്ടവൾതൻ ക്ഷമയ്ക്കും - വിവക്ഷിതം വ്യക്തമാക്കുക.

4. ഒരു നടുക്കത്തോടെ നെഞ്ചുരുക്കത്തോടെ
   ഒടുവിലീ സത്യമറിയുന്നു - കവി തിരിച്ചറിയുന്ന സത്യമെന്ത്?

5. എന്നാലുമയാളുടെ ഗാനമെന്റെ
   കർണത്തിനാഹ്ലാദമനല്പമേകി - സന്ദർഭം വിവരിക്കുക.

6. സമയമായില്ല പോലും സമയമായില്ല പോലും
   ക്ഷമയെന്റെ ഹൃദയത്തിലൊഴിഞ്ഞു തോഴി - ആരുടെ വാക്കുകൾ? വിവക്ഷിതമെന്ത്?

7. അറിയാതവരോടുകൂടി നമ്മളുമേതോ

പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു - എപ്പോൾ? വിശദമാക്കുക.

8. നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ - ആശയം വ്യക്തമാക്കുക.

9. ആ ഹലാഘാതം സഹിച്ചു ധരിത്രിയാൾ

ആസന്ന സൽഫലഭാവനയാൽ - സൂചിതമെന്ത്?

**(7 × 4 = 28 Marks)**

II. രണ്ടു പുറത്തിൽ (200 വാക്ക്) കവിയാതെ **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

10. തോണിക്കാരന്റെ രാമായണപാരായണം പ്രകൃതിയിലുണ്ടാക്കിയ ഭാവവ്യതിയാനങ്ങൾ കവി എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു?

11. പ്രകൃതിക്കുമേൽ മനുഷ്യൻ നേടുന്ന വിജയത്തിന്റെ ചിത്രമാണ് ജലസേചനം എന്ന കവിത എന്ന അഭിപ്രായം പരിശോധിക്കുക.

12. മനുഷ്യസ്വാതന്ത്ര്യം ഹനിക്കപ്പെടുന്ന ഏതു ചരിത്രനിമിഷത്തിലും പ്രസക്തമായ കാവ്യമാണ് സത്യവാങ്മൂലം - സമർത്ഥിക്കുക.

13. ഉപഗുപ്തന്റെ സ്വഭാവം നിരൂപണം ചെയ്യുക.

14. കൃഷ്ണപക്ഷത്തിലെ പാട്ട് എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

15. സുന്ദരമായ പ്രകൃതിയും ജീവിതമാകുന്ന പരമാനന്ദപ്രവാഹത്തിന്റെ ശക്തിയും മനുഷ്യനെ ഉത്തേജിപ്പിക്കുന്നതിന്റെ ചിത്രണമാണ് സൗന്ദര്യപൂജയെന്ന കവിത - സമർത്ഥിക്കുക.

16. ആലോചനാരഹിതവും അനുചിതവുമായ മനുഷ്യപ്രവൃത്തികൾ അവനുതന്നെ ഭീഷണിയായി മാറുന്നതാണ് കുഞ്ഞേ മുലപ്പാൽ കുടിക്കരുത് എന്ന കവിത ആവിഷ്കരിക്കുന്നത് - വിശദമാക്കുക.

**(5 × 6 = 30 Marks)**

III. നാലു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

17. (a) എഴുത്തച്ഛന്റെ കാവ്യഭാഷയുടെ പ്രത്യേകതകൾ രാത്രിയുദ്ധം മുൻനിർത്തി വിവരിക്കുക.

അല്ലെങ്കിൽ

(b) നമ്പ്യാർക്കവിതയുടെ സവിശേഷതകൾ വിശദീകരിക്കുക.



gcwcentrallibrary.in

18. (a) രാഷ്ട്രീയസൂചനകളുൾച്ചേർന്ന കവിതകളാണ് കുഞ്ഞേ മുലപ്പാൽകുടിക്കരുത്, സത്യവാങ്മൂലം എന്നിവ - സമർത്ഥിക്കുക.

അല്ലെങ്കിൽ

(b) ആധുനികതാവാദാനന്തര മലയാളകവിതയുടെ സവിശേഷതകൾ റഫീക്ക് അഹമ്മദ്, വിജയലക്ഷ്മി എന്നിവരുടെ കവിതകളെ ആസ്പദമാക്കി ചർച്ച ചെയ്യുക.

19. (a) കുമാരനാശാന്റെ വർണ്ണനാനൈപുണ്യം കരുണയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ആശാന്റെ സ്നേഹസങ്കല്പം കരുണയെ മുൻനിർത്തി പരിശോധിക്കുക.

**(3 × 14 = 42 Marks)**

gcwcentrallibrary.in